**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 201** **04-03-2025 - ൽ മറുപടിയ്ക്ക്**

**കിഫ്ബി റോഡുകളിൽ ടോൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയുടെ വരുമാനത്തിൽ വർദ്ധനവ് വരുത്താനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | 2022 മുതൽ കേന്ദ്ര സർക്കാർ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായി കിഫ്ബിയുടെയും സമാനസ്ഥാപനങ്ങളുടെയും കടമെടുപ്പ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തി വരികയാണ്. ഇത് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബി വായ്പയെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കി കിട്ടേണ്ടത് അത്യന്താപേക്ഷിതമാണ്. കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലായെന്ന കാരണം നിരത്തിയാണ് കേന്ദ്ര സർക്കാർ കിഫ്ബി കടമെടുപ്പിനെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |
| (ബി) | കിഫ്ബിയുടെ വരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിന്റെ ഭാഗമായി കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണിത റോഡുകളിൽ ടോൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2022 മുതൽ കേന്ദ്ര സർക്കാർ അവലംബിച്ച നയവ്യതിയാനത്തിന്റെ ഫലമായി കിഫ്ബിയുടെയും സമാനസ്ഥാപനങ്ങളുടെയും കടമെടുപ്പ് സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തി വരികയാണ്. ഇത് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കിഫ്ബി വായ്പയെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കി കിട്ടേണ്ടത് അത്യന്താപേക്ഷിതമാണ്. കിഫ്ബി പദ്ധതികൾ വരുമാനദായകമല്ലായെന്ന കാരണം നിരത്തിയാണ് കേന്ദ്ര സർക്കാർ കിഫ്ബി കടമെടുപ്പിനെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ കിഫ്ബി പദ്ധതികൾ വരുമാനദായകമാക്കാൻ ചില ആലോചനകൾ നടന്നു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | കിഫ്ബിയുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യത്തിലാണോ ടോൾ പിരിക്കാനുള്ള നീക്കം എന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബിയുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യത്തിലല്ല മറിച്ച് കിഫ്ബി വായ്പയെ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനാണ് കിഫ്ബി പദ്ധതികളെ വരുമാനദായകമാക്കുവാൻ സർക്കാർ ആലോചിക്കുന്നത്. |

സെക്ഷൻ ഓഫീസർ